## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3240 — 13.10.2011 ൽ മറുപടിക്ക്

### സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്കുള്ള കമ്മീഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ) |

| | | | |
| --- | --- | --- | --- |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകിയിരുന്ന കമ്മീഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) & (ബി) | സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർക്ക് വ്യത്യസ്ത ഭാഗ്യക്കുറികൾക്ക് 20% മുതൽ 32% വരെ വിവിധ സ്ലാബുകളിൽ ഡിസ്കൗണ്ട് നൽകിയിരുന്നു. 30.08.2010- ലെ ഹൈക്കോടതി വിധിയെ തുടർന്ന് ഭാഗ്യക്കുറി ആഴ്ചയിൽ ഏഴിൽ നിന്ന് ഒന്നായി ചുരുക്കിയപ്പോഴുള്ള പ്രത്യേക സാഹചര്യത്തിൽ ഭാഗ്യക്കുറി വിൽപ്പനക്കാരുടെ വരുമാനക്കുറവ് കണക്കിലെടുത്ത് ഡിസ്കൗണ്ട് 35.25% ആയി വർദ്ധിപ്പിച്ചു. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഭാഗ്യക്കുറി ഏജന്റുമാർക്ക് നൽകിയിരുന്ന കമ്മീഷനിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത കമ്മീഷൻ വെട്ടിക്കുറച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനമാണ് കുറവ് വരുത്തിയതെന്ന് വെളിപ്പെടുത്താമോ ; | (സി) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രതിവാര ഭാഗ്യക്കുറികൾ ആഴ്ചയിൽ ഏഴു ദിവസവും പുനരാരംഭിച്ചപ്പോൾ ഡിസ്കൗണ്ട് 25%, 27% എന്നീ രണ്ട് സ്ലാബുകളിൽ നിജപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഇപ്രകാരം കമ്മീഷനിൽ കുറവു വരുത്തുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ ; | (ഡി) | കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രതിവാര ഭാഗ്യക്കുറികൾ ആഴ്ചയിൽ ഏഴു ദിവസവും പുനരാരംഭിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഭാഗ്യക്കുറിയുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളുമായും ഏജന്റുമാരുമായും 11.08.2011 ൽ ഡിസ്കൗണ്ട് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച ചർച്ച നടത്തുകയും സമ്മാനത്തിന്റെ ശതമാനത്തിൽ വർദ്ധനവ് വേണമെന്ന ആവശ്യം അംഗീകരിച്ച് സമ്മാനം 40 ശതമാനത്തിനു മുകളിലേക്ക് ഉയർത്തുകയും ഡിസ്കൗണ്ട് 25%, 27% എന്നീ രണ്ട് സ്ലാബുകളിലാവാമെന്നും യോഗം തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് 25%, 27% എന്നീ രണ്ട് സ്ലാബുകളിൽ ഇപ്പോൾ നടത്തപ്പെടുന്ന ഭാഗ്യക്കുറികളുടെ സമ്മാനഘടന ആവിഷ്കരിച്ചിട്ടുള്ളത്. |
| (ഇ) | കമ്മീഷൻ പുനഃസ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

Chandrika

സെക്ഷൻ ഓഫീസർ